**“CORRUPTION, A CRIME AGAINST NATION”**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 04.09.2025

# എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കാറിൽ നിന്നും കൈക്കൂലി പണവും വിദേശമദ്യവും വിജിലൻസ് പിടികൂടി.

തൃശ്ശൂർ ഇരിങ്ങാലക്കുട എക്സൈസ് സർക്കിൾ ഓഫീസിലെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എല്ലാ മാസവും അവസാന ആഴ്ചയിൽ ലീവിന് തിരുവനന്തപുരത്തുള്ള വീട്ടിലേക്ക് പോകുന്ന ദിവസം എക്സൈസ് സർക്കിളിന് കീഴിൽ വരുന്ന ബാർ ഉടമകളിൽ നിന്നും, കള്ള് ഷാപ്പ് കോൺട്രാക്ടർമാരിൽ നിന്നും മാസപ്പടിയായി കൈക്കൂലി പണം വാങ്ങി സ്വന്തം കാറിൽ വീട്ടിലേക്ക് പോകുന്നതായി വിജിലൻസിന് വിവരം ലഭിച്ചിരുന്നു. ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഇന്ന് (04.09.2025) ഒരു മിന്നൽ പരിശോധന നടത്തി. വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ, ഉദ്യോഗസ്ഥൻ രാവിലെ ഓഫീസിലെത്തിയ ശേഷം സ്വന്തം കാറിൽ തിരുവനന്തപുരത്തുള്ള വീട്ടിലേക്ക് പോകുന്ന വഴി പല ബാറുടമകളിൽ നിന്നും കള്ള് ഷാപ്പ് കോൺട്രാക്ടർമാരിൽ നിന്നും കൈക്കൂലി വാങ്ങി യാത്ര തുടരുന്നത് നിരീക്ഷിച്ച് പിൻ തുടർന്ന് വന്ന് ചിറങ്ങര എന്ന സ്ഥലത്ത് വച്ച് വാഹനം തടഞ്ഞു നിർത്തി പരിശോധന നടത്തുകയായിരുന്നു. പരിശോധനയിൽ ഉദ്യോഗസ്ഥന്റെ കാറിൽ നിന്നും കണക്കിൽപ്പെടാത്ത 50,640/-രൂപയും, 7 കുപ്പി വിദേശ മദ്യവും വിജിലൻസ് പിടിച്ചെടുത്തു. രാവിലെ 11.15 മണിക്ക് ആരംഭിച്ച മിന്നൽ പരിശോധന ഉച്ചക്ക് 01.00 മണിക്ക് അവസാനിച്ചു.

02.09.2025 തീയതി “ഓപ്പറേഷൻ സേഫ് സിപ്പ്“ എന്ന പേരിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ കേന്ദ്രീകരിച്ച് വിജിലൻസ് നടത്തിയ സംസ്ഥാനതല മിന്നൽ പരിശോധനയിൽ വ്യാപക ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു. തുടർന്നും ചില എക്സൈസ് ഉദ്യോഗസ്ഥർ ബാർ ഉടമകളിൽ നിന്നും മറ്റും കൈക്കൂലി വാങ്ങുന്നുണ്ടോയെന്ന് വിജിലൻസ് ജാഗ്രതയോടെ നിരീക്ഷിച്ച് വരുന്നതിനിടയിലാണ് 50,640/-രൂപയും, 7 കുപ്പി വിദേശ മദ്യവുമായി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ വിജിലൻസ് പിടിയിലായത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.